## എബ്രായലേഖനത്തിന്റെ ജീവ-പഠനം

### ദൂത് പതിമൂന്ന്

Sat ⇒

# കരുണയുള്ളവനും വിശ്വസ്തനുമായ ഒരു മഹാപുരോഹിതൻ

എബ്രായലേഖനം അതിന്റെ ഉള്ളടക്കത്തിലും അതിന്റെ ഘടനയിലും വിസ്മയാവഹമാണ്. ഇങ്ങനെയുള്ള ഒരു ലേഖനം എഴുതുവാൻ ഒരു മനുഷ്യ മനസ്സിനും കഴിയുമായിരുന്നില്ല. ഇത് തീർച്ചയായും ദിവ്യപ്രചോദനത്തിൻ കീഴിൽ എഴുതപ്പെട്ടതായിരുന്നു. കരുണയുള്ളവനും വിശ്വസ്തനുമായ ഒരു മഹാപുരോഹിതൻ എന്ന വിഷയത്തെക്കുറിച്ചുള്ള ഈ സന്ദേശത്തിൽ, എബ്രായലേഖനത്തിന്റെ ആദ്യത്തെ രണ്ട് അധ്യായങ്ങളുടെ ഉപസംഹാരത്തിലേക്കു നാം വരുന്നു. ആദ്യത്ത രണ്ട് അധ്യായങ്ങളിൽ നിരവധി കാര്യങ്ങൾ വിവരിച്ചശേഷം, എഴുത്തുകാരൻ ഈ ഭാഗത്തെ ഉപസംഹരിക്കുന്നത് മനുഷ്യപുത്രൻ നമ്മെ ശുശ്രൂഷിക്കുന്നതിൽ കരുണയുള്ളവനും വിശ്വസ്തനുമായ ഒരു മഹാപുരോഹിതനാകുന്നു എന്നു വെളിപ്പെടുത്തിക്കൊണ്ടാണ്. അങ്ങനെയുള്ള ഒരു പുരോഹിതനാകുവാനുള്ള അവന്റെ യോഗ്യതകൾ നാം അറിയുന്നതിന്, അവൻ എന്താണെന്നും അവൻ ചെയ്തതെന്താണെന്നുമുള്ള എല്ലാ കാര്യങ്ങളും കാണേണ്ടതിന് നാം ഒന്നും രണ്ടും അധ്യായങ്ങളിലേക്ക് തിരിഞ്ഞുനോക്കേണ്ടതാവശ്യമാണ്.

## I. ദിവ്യപ്രകൃതത്തോടുകൂടിയ ദൈവപുത്രനെന്ന നിലയിൽ

ഈ മഹാപുരോഹിതനെ വിവരിക്കുവാൻ എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ എന്തുകൊണ്ടാണ് *കരുണയുള്ളവനും വിശ്വസ്തനും* എന്നീ പദങ്ങൾ ഉപയോഗിക്കുന്നത്? എന്തുകൊണ്ടാണ് അവൻ ഒരു പദം മാത്രമോ രണ്ടിൽക്കൂടുതൽ പദങ്ങളോ ഉപയോഗിക്കാത്തത്? ഇതിന്റെ ഉത്തരം ഈ പുസ്തകത്തിന്റെ ആദ്യത്തെ രണ്ട് അധ്യായങ്ങളിൽ എഴുത്തുകാരൻ മുഖ്യമായി, ക്രിസ്തു ദൈവം തന്നെയായ ദൈവപുത്രനും, മനുഷ്യൻ തന്നെയായ മനുഷ്യപുത്രനും ആകുന്നു എന്നീ രണ്ടു കാര്യങ്ങളെക്കുറിച്ചു പറഞ്ഞു എന്നതാണ്. *കരുണയുള്ളവൻ* എന്നത്

അവൻ ഒരു മനുഷ്യനായിരിക്കുന്നതുമായും *വിശ്വസ്തൻ* എന്നത് അവൻ ദൈവമായിരിക്കുന്നതുമായും ബന്ധപ്പെട്ടിരിക്കുന്നു. വിശ്വസ്തരായിരിക്കുന്നതിന് നമുക്ക് നന്മ മാത്രമല്ല പ്രാപ്തിയും ആവശ്യമാണ്. ഒരു വാഗ്ദാനമായി ഞാൻ നിങ്ങളോട് ഒരു വാക്ക് സംസാരിച്ചുവെന്ന് കരുതുക. എന്റെ നന്മ നല്ലതായിരിക്കാമെങ്കിലും, എന്റെ വാക്കു പാലിക്കാനുള്ള പ്രാപ്തി എനിക്കില്ലായിരിക്കാം. എന്റെ വാക്കു പാലിക്കുന്നതിൽ വിശ്വസ്തനായിരിക്കണമെന്നുള്ള ഹൃദയം എനിക്കുണ്ടെങ്കിലും, എനിക്കു പ്രാപ്തിയില്ല. എന്റെ വാക്കു നിറവേറ്റുവാനുള്ള മുഖാന്തരങ്ങൾ എനിക്കില്ല. ഒടുവിൽ വിശ്വസ്ത നല്ലാതിരിക്കുവാൻ ഞാൻ നിർബന്ധിതനാകുന്നു. എന്നാൽ ഈ മഹാപുരോഹിതൻ സത്യസന്ധനായ വെറുമൊരു മനുഷ്യനല്ല; അവൻ വിശ്വസ്തനായ ദൈവമാണ്. ദൈവം വിശ്വസ്തനാണ് (10:23). അവൻ പറയുന്നതെന്തും നിറവേറ്റുവാൻ അവൻ പ്രാപ്തനാണ്. ദൈവം ഒരിക്കലും നുണ പറയുന്നില്ല (6:18). അവൻ സംസാരിച്ചതൊക്കെയും നിറവേറ്റാൻ അവൻ പ്രാപ്തനാണ്. താൻ പറഞ്ഞ കാര്യങ്ങൾ നിറവേറ്റുവാനുള്ള എല്ലാ മുഖാന്തരങ്ങളും അവനുണ്ട്. പൂർണമായി വിശ്വസ്തനായിരിക്കുവാൻ ദൈവത്തിനു മാത്രമേ കഴിയൂ. നമ്മിൽ ആർക്കും പൂർണമായും വിശ്വസ്ത രായിരിക്കാൻ കഴിയില്ല. എന്റെ വാക്കു പാലിക്കുവാനുള്ള ആത്മാർഥമായ ഒരു ഹൃദയം എനിക്കുണ്ടായിരുന്നുവെങ്കിലും അതു ചെയ്യുവാൻ അപ്രാപ്തനാണെന്ന് ഞാൻ എന്നിൽത്തന്നെ മനസ്സിലാക്കി. ഞാൻ സർവശക്തനായ ദൈവമല്ലാത്തതുകൊണ്ട് എനിക്കതു ചെയ്യാൻ കഴിഞ്ഞില്ല. തന്റെ വചനം നിറവേറ്റുന്ന തിൽനിന്നും ദൈവത്തെ എന്ത് തടസ്സപ്പെടുത്തും? ഒന്നുമില്ല. യേശു സർവശക്തനായ ദൈവം തന്നെയായതുകൊണ്ട് അവന് വിശ്വസ്തനായ ഒരു മഹാപുരോഹിതനായിരിക്കുവാൻ കഴിയും. അവൻ ദൈവം തന്നെയായ ദൈവപുത്രനായതിനാൽ വിശ്വസ്തനാ യിരിക്കുവാൻ പ്രാപ്തിയുണ്ട്. ദൈവത്തിന്റെ അനേകം പുത്രന്മാരും ആദ്യജാതന്റെ അനേകം സഹോദരന്മാരുമായ നാം ദിവ്യരും, അതുപോലെ മാനുഷികരും ആണെങ്കിലും നാം സർവശക്തരല്ല. നാം നമ്മുടെ മാനുഷിക സ്വഭാവത്തിൽ മനുഷ്യരും അവന്റെ ദിവ്യസ്വഭാവത്തിൽ ദിവ്യരുമാണ്, എന്നാൽ നാം അവന്റെ ദൈവത്വത്തിൽ സർവശക്തരല്ല. അവൻ സർവശക്തനായ ദൈവമായതിനാൽ, അവനു നമ്മോട് വിശ്വസ്തനായിരിക്കുവാൻ കഴിയും.

## II. മനുഷ്യപ്രകൃതത്തോടുകൂടിയ മനുഷ്യപുത്രൻ എന്ന നിലയിൽ

കരുണയുള്ളവനായിരിക്കുക എന്നത് ക്രിസ്തു ഒരു മനുഷ്യ നായിരിക്കുന്നതിനോട് ഒത്തിരിക്കുന്നു. അവൻ ഒരു

മനുഷ്യനായിത്തീരുകയും, മനുഷ്യന്റെ എല്ലാ കഷ്ടങ്ങളിലൂടെയും കടന്നുപോയ ഒരു മനുഷ്യനായി ഭൂമിയിൽ ജീവിക്കുകയും ചെയ്തു. തൽഫലമായി, നമ്മോടു കരുണ കാണിക്കുവാൻ അവൻ പൂർണ യോഗ്യനാണ്. മനുഷ്യനോട് എങ്ങനെ കരുണ കാണിക്കണമെന്ന് അവനറിയുന്നു. അവൻ മനുഷ്യജീവിതത്തിന്റെ അനുഭവങ്ങളോടും മാനുഷിക കഷ്ടങ്ങളുടെ അനുഭവങ്ങളോടുംകൂടെയുള്ള ഒരു മനുഷ്യനാണ്.

കരുണയുള്ളവനായിരിക്കുവാനും വിശ്വസ്തനായ ഒരു മഹാപുരോഹിതനായിരിക്കുവാനും ക്രിസ്തുവിന് എങ്ങനെ കഴിയും? കാരണം, അവൻ മനുഷ്യപ്രകൃതത്തോടുകൂടിയ മനുഷ്യപുത്രനും ദിവ്യപ്രകൃതത്തോടുകൂടിയ ദൈവപുത്രനുമാണ്. അവൻ പൂർണ യോഗ്യനാണ്. അഹരോൻ നല്ലൊരു മഹാപുരോഹിതനായിരുന്നു, എന്നാൽ അവന് മനുഷ്യത്വം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവന് ദിവ്യത്വം ഉണ്ടായിരുന്നില്ല. അഹരോന് കരുണയുള്ളവനായിരിക്കുവാൻ കഴിഞ്ഞെങ്കിലും, അവൻ സത്യമായും വിശ്വസ്തനായിരുന്നുവോ എന്നു ഞാൻ സംശയിക്കുന്നു. എന്നാൽ ദൈവപുത്രനും മനുഷ്യപുത്രനുമായ യേശു ക്രിസ്തു എന്ന നമ്മുടെ മഹാപുരോഹിതൻ ദൈവവും മനുഷ്യനുമായതുകൊണ്ട് കരുണയുള്ളവനും വിശ്വസ്തനുമാകുന്നു.

## III. നമ്മെപ്പോലെ ആയിരിക്കുവാൻ ജഡാവതാരം ചെയ്തു

ക്രിസ്തു മഹാപുരോഹിതനായിരിക്കുന്നതിന്റെ മറ്റൊരു യോഗ്യത, അവൻ നമ്മെപ്പോലെയായിരിക്കുവാൻ ജഡാവതാരമെടുത്തു എന്നതാണ് (2:14, 17). അവൻ നമ്മെപ്പോലെയായിരിക്കുന്നതിലും അധികമാണെന്ന് നമുക്ക് പറയാം, കാരണം നാം സഹിച്ചിട്ടില്ലാത്ത ചില കാര്യങ്ങൾ അവൻ തന്റെ മനുഷ്യജീവിതത്തിൽ സഹിച്ചു. കരുണയുള്ള ഒരു മഹാപുരോഹിതനായിരിക്കുവാനുള്ള യോഗ്യത നേടുന്നതിനായി, അവൻ നമ്മുടെ സകല ബലഹീനതകളോടും സഹതപിച്ചുകൊണ്ട് നമ്മെപ്പോലെയായിത്തീർന്നു.

## IV. പരീക്ഷിക്കപ്പെട്ടു

കർത്താവായ യേശു പരീക്ഷിക്കപ്പെട്ടതുകൊണ്ട് അവൻ മഹാപുരോഹിതനായിരിക്കുവാൻ യോഗ്യനായി (2:18). നിങ്ങൾ സുവിശേഷങ്ങൾ വീണ്ടും വായിച്ചാൽ, നമ്മുടെ കർത്താവായ യേശുവിനെപ്പോലെ ഇത്രയധികം വിഷമങ്ങൾക്കും ആക്രമണങ്ങൾക്കും തെറ്റിദ്ധാരണകൾക്കും കിംവദന്തികൾക്കും വിധേയനായ മറ്റൊരു വ്യക്തിയും ഉണ്ടായിരുന്നില്ലെന്ന് നിങ്ങൾ കാണും. നിരവധി മതവിശ്വാസികൾ നല്ല കിംവദന്തി സ്രഷ്ടാക്കളാണ്. മറ്റേതൊരു സ്ഥലത്തെയുംപോലെ മതത്തിന്റെ മണ്ഡലത്തിലും ധാരാളം കിംവദന്തികൾ ഉണ്ട്. ഈ കിംവദന്തി

സ്രഷ്ടാക്കൾ നിങ്ങളുടെ വാക്കുകളെ വളച്ചൊടിക്കുവാൻ ശീലിച്ചിരിക്കുന്നു. നിങ്ങൾ പറയുന്ന കുറച്ചു വാക്കുകളെ അവർ എടുത്തുമാറ്റുകയും അതിനോട് മറ്റു ചിലതു കൂട്ടുകയും ചെയ്യുന്നു. ചിലപ്പോൾ കർത്താവായ യേശു ഒരു വാക്കു സംസാരിച്ചപ്പോൾ, അതിൽ നിന്ന് കർത്താവിനെതിരെ ഒരു സംഭവം ഉണ്ടാക്കുവാൻ ശ്രമിച്ചുകൊണ്ട് മതവിശ്വാസികൾ അതിനെ വളച്ചൊടിച്ചു.

ഇന്നും സ്ഥിതി അങ്ങനെ തന്നെയാണ്. സഹോദരൻ നീയും ഞാനും ചൈനയിൽ ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ, അദ്ദേഹത്തെക്കുറിച്ച് എത്ര നുണകളും കിംവദന്തികളും പ്രചരിച്ചുവെന്ന് ഞാൻ കണ്ടു. പലപ്പോഴും സഹോദരൻ നീ ഒന്നും പറയുകയില്ല. "വിറ്റ്നസ്, ക്രിസ്ത്യാനികൾക്ക് കള്ളം പറയുവാൻ കഴിയും" എന്നു പറഞ്ഞുകൊണ്ട് നിരവധി തവണ അദ്ദേഹം എന്റെ അടുക്കൽ വന്നു. അക്കാലത്ത്, അദ്ദേഹമായിരുന്നു ലക്ഷ്യം, ഞങ്ങൾ അദ്ദേഹത്തിന്റെ സംരക്ഷണത്തിൻ കീഴിലായിരുന്നു. ആക്രമണങ്ങൾ ഞങ്ങളിൽ എത്തിയില്ല, കാരണം അവൻ കുടയും ഞങ്ങൾ അവന്റെ കീഴിലും ആയിരുന്നു. 1949-ൽ ഞങ്ങൾ തായ്‌വാനിലേക്കു പോയതിനുശേഷം, സ്വാഭാവികമായും ഞാൻ ആക്രമണത്തിനുള്ള ലക്ഷ്യമായിത്തീർന്നു. ക്രിസ്ത്യാനികൾക്ക് നുണ പറയാൻ കഴിയുമെന്ന് എന്റെ സ്വന്തം അനുഭവത്തിൽനിന്ന് എനിക്കറിയാം. നിങ്ങൾ കർത്താവായ യേശുവിന്റെ അടുത്തുചെന്ന് മതവിശ്വാസികൾക്ക് നുണ പറയാൻ കഴിയുമോ എന്നു ചോദിച്ചാൽ, അവൻ പറയും, "തീർച്ചയായും അവർക്കു കഴിയും. അതുനിമിത്തം ഞാൻ വളരെയധികം കഷ്ടപ്പെട്ടിട്ടുണ്ട്." കർത്താവായ യേശു തന്റെ കാലത്തെ ഇരുണ്ട മതത്തിൽനിന്നും വ്യത്യസ്തനായതുകൊണ്ട് മതവിശ്വാസികൾ അവനെ വെറുത്തു. എല്ലാ മതവിശ്വാസികളും അവനെ വെറുത്തിരുന്നു. ചൈനയിൽ വാച്ച്മാൻ നീക്കും ഇതുതന്നെയാണു സംഭവിച്ചത്. 1932 മുതൽ 1952-ൽ അദ്ദേഹം ജയിലിൽ അടയ്ക്കപ്പെട്ട ദിവസം വരെ ചൈനയിലെ ഒരു വിഭാഗവും അദ്ദേഹത്തെ പ്രഭാഷണത്തിനായി ക്ഷണിച്ചില്ല. എങ്കിലും, കർത്താവായ യേശു കരുണയുള്ളവനും, നമ്മോട് എങ്ങനെ സഹതപിക്കണമെന്നും നുണകളെ എങ്ങനെ സഹിക്കണമെന്നും തീർച്ചയായും അറിയുന്നവനും ആകുന്നു. ഒരു മനുഷ്യനും അവനെപ്പോലെ ഒരിക്കലും മതവിശ്വാസികളാൽ പ്രലോഭിക്കപ്പെടുകയും പരീക്ഷിക്കപ്പെടുകയും ആക്രമിക്കപ്പെടുകയും എതിർക്കപ്പെടുകയും തെറ്റിദ്ധരിക്കപ്പെടുകയും ചെയ്തിട്ടില്ല. നമ്മോടു കരുണയുള്ളവനായിരിക്കുവാനും നമ്മോടു സഹതപിക്കുവാനും അവൻ യോഗ്യനാണ്.

## V. മരണം സഹിച്ചു

ക്രിസ്തു മരണം സഹിച്ചതുകൊണ്ട് നമ്മുടെ മഹാപുരോഹിതനായിരിക്കുവാൻ അവൻ യോഗ്യനാണ് (2:9). കർത്താവായ യേശു

കടന്നുപോയ മരണം സത്യത്തിൽ ഒരു സ്നാനമായിരുന്നു. ഒരിക്കൽ കർത്താവായ യേശു ശിഷ്യന്മാരോട്, "ഞാൻ സ്നാനപ്പെട്ടിരിക്കുന്ന സ്നാനത്താൽ സ്നാനപ്പെടുവാൻ നിങ്ങൾക്കു സാധിക്കുമോ?" എന്നു ചോദിച്ചു (മർക്കൊസ് 10:38). ആ സ്നാനം അവന്റെ മരണമായിരുന്നു. അവന്റെ മരണം യഥാർഥ യോർദ്ദാൻ നദിയായിരുന്നു. മരണത്തെ സഹിക്കുക്കുന്നതിൽ, അവൻ നദി മുറിച്ചുകടക്കുകയും, ദൈവാവിഷ്കാരം കൊണ്ടുനിറഞ്ഞ, ദൈവതേജസ്സു കൊണ്ടുനിറഞ്ഞ മേഖലയിലേക്ക് പ്രവേശിക്കുകയും ചെയ്തു.

## VI. നമ്മുടെ പാപങ്ങൾക്കുവേണ്ടി അനുനയം വരുത്തി

ക്രൂശിൽ മരണം സഹിച്ചതിലൂടെ, ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി അനുനയം വരുത്തി (2:17). ഇതർഥമാക്കുന്നത് അവൻ നമുക്കുവേണ്ടി ദൈവത്തെ പ്രീണിപ്പിച്ചു എന്നാണ്. അവൻ ദൈവത്തിന്റെ നീതിയെയും നമ്മുടെമേലുള്ള ദൈവത്തിന്റെ എല്ലാ ആവശ്യതകളെയും പ്രീണിപ്പിച്ചു. നാമും ദൈവവും തമ്മിലുള്ള എല്ലാ പ്രശ്നങ്ങളും അവൻ പരിഹരിച്ചു.

## VII. പിശാചിനെ നശിപ്പിച്ചു

ക്രൂശിലെ അവന്റെ മരണത്താൽ ക്രിസ്തു നമുക്കുവേണ്ടി മരണം ആസ്വദിക്കുകയും നമ്മുടെ പാപങ്ങൾക്കുവേണ്ടി പ്രായശ്ചിത്തമാകുകയും ചെയ്തുവെന്നു മാത്രമല്ല, മരണത്തിന്റെ പ്രഭാവമുള്ളവനായ പിശാചിനെ നശിപ്പിക്കുകയും ചെയ്തു (2:14). അവൻ മരണത്തെ ഇല്ലാതാക്കി. നമ്മുടെ പാപങ്ങളെന്ന പ്രശ്നം അവൻ പരിഹരിച്ചിരിക്കുന്നു. അവൻ പിശാചിനെ നശിപ്പിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ കരുണയുള്ള മഹാപുരോഹിതനായിരിക്കുവാൻ അവൻ യോഗ്യനാണ്.

## VIII. മരണത്തിന്റെ അടിമത്തത്തിൽനിന്ന് നമ്മെ വിടുവിച്ചു

മരണത്തിന്റെ അടിമത്തത്തിൽനിന്നുംകൂടെ ക്രിസ്തു നമ്മെ വിടുവിച്ചിരിക്കുന്നു (2:15). പാപത്തിന്റെ അടിമത്തത്തിൽ നിന്നും മരണഭീതിയുടെ അടിമത്തത്തിൽനിന്നും മരണത്തിന്റെതന്നെ അടിമത്തത്തിൽനിന്നുപോലും നാം വിടുവിക്കപ്പെട്ടിരിക്കുന്നു. ഇനിമേൽ യാതൊന്നിനാലും നാം അടിമപ്പെട്ടിരിക്കുന്നില്ല.

## IX. സഭ രൂപീകരിക്കുന്നതിനായി അനേകം സഹോദരന്മാരെ പുനരുത്ഥാനത്തിൽ പുറപ്പെടുവിക്കുന്നു

ക്രിസ്തു മഹാപുരോഹിതനായിരിക്കാനുള്ള മറ്റൊരു യോഗ്യത, സഭ രൂപീകരിക്കുന്നതിനായി അനേകം സഹോദരന്മാരെ

പുനരുത്ഥാനത്തിൽ അവൻ പുറപ്പെടുവിച്ചു എന്നതാണ് (2:10-12). പുനരുത്ഥാനത്തിൽ അവൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനും, നാം സഭ രൂപീകരിക്കുവാൻ പുനരുത്ഥാനത്തിലുള്ള അവന്റെ അനേകം സഹോദരന്മാരും ആണ്. അവനും നാമും ജീവനിലും സ്വഭാവത്തിലും ഒരുപോലെയാണ്. അവനും നാമെല്ലാവരും പുനരുത്ഥാനത്തിലാണ്. അവൻ സഭയുടെ തലയും, നാം സഭയുടെ അവയവങ്ങളും ആണ്. അവൻ നമ്മുടെ മഹാപുരോഹിതനായിരിക്കുവാൻ ഇത് അവന് വളരെയധികം അടിത്തറ നൽകുന്നു.

## X. മഹത്വീകരണത്തിൽ തേജസ്സും ബഹുമാനവും അണിഞ്ഞിരിക്കുന്നതിൽ

തന്റെ മഹത്വീകരണത്തിൽ ക്രിസ്തു തേജസ്സും ബഹുമാനവും അണിഞ്ഞിരിക്കുന്നത് അവന്റെ പൗരോഹിത്യത്തിന്റെ യോഗ്യതയും കൂടിയാണ്. അവന്റെ മഹത്വീകരണവും തേജസ്സും ബഹുമാനവുമെല്ലാം മഹാപുരോഹിതനെന്ന നിലയിൽ നമ്മെ ശുശ്രൂഷിക്കാനുള്ള സാധ്യത അവനു നൽകുന്നു. ഇങ്ങനെയുള്ള ഒരു സ്ഥാനവും സാധ്യതയും ഉള്ളതിനാൽ, അവന് എത്ര വേണമെങ്കിലും കരുണയും വിശ്വസ്തനും ഉള്ളവാനായിരിക്കുവാൻ കഴിയും.

## XI. നമ്മുടെ രക്ഷാനായകനാകുന്നു

ഒടുവിൽ നമ്മുടെ രക്ഷാനായകനായിരിക്കുവാൻ ക്രിസ്തു പൂർണമായി തികഞ്ഞവനും യോഗ്യനുമാക്കപ്പെട്ടു (2:10). കഴിഞ്ഞ രണ്ടു ദൂതുകളിൽ നാം ഇതു കണ്ടുകഴിഞ്ഞു. രക്ഷാനായകനെന്ന നിലയിൽ, അവനിപ്പോൾ നമ്മുടെ മഹാപുരോഹിതനായിരിക്കുവാൻ പൂർണ യോഗ്യനാണ്.

മുൻകാലങ്ങളിൽ, നമ്മുടെ മഹാപുരോഹിതനായി ക്രിസ്തുവിനാൽ നാം ശുശ്രൂഷിക്കപ്പെട്ടിട്ടുള്ള അനുഭവം, അതിനെക്കുറിച്ച് വളരെയൊന്നും അറിയാതെ തന്നെ, നമ്മിൽ അനേകർക്കും ഉണ്ടായിട്ടുണ്ട്. എബ്രായലേഖനം പൗരോഹിത്യത്തെ സംബന്ധിച്ചുള്ള ഒരു പുസ്തകമാണ്. വരുവാനുള്ള ദൂതുകളിൽ നാം കാണുന്നതുപോലെ, നാലു മുതൽ ആറു വരെയുള്ള അധ്യായങ്ങളിൽ പരാമർശിച്ചിരിക്കുന്ന പൗരോഹിത്യം ഏഴു മുതൽ പത്തു വരെയുള്ള അധ്യായങ്ങളിൽ പൂർണമായി വികസിപ്പിച്ചിരിക്കുന്നു. എബ്രായലേഖനത്തിന്റെ ആ ഭാഗത്തേക്കു നാം വരുമ്പോൾ നാം കൂടുതൽ കാണും. പൗരോഹിത്യത്തെക്കുറിച്ചുള്ള ശരിയായ ഒരു ഗ്രാഹ്യത്തിനുവേണ്ടി ഒരു അടിസ്ഥാനം ഇടുന്നതിന് ഈ ദൂതിൽ നാം അല്പസമയം ചെലവഴിക്കേണ്ടതാവശ്യമാണ്.

എന്താണ് ഒരു പുരോഹിതൻ? ദൈവത്തെ സേവിക്കുന്ന ഒരുവനാണ് പുരോഹിതനെന്ന് നാം ഇതിനകം പറഞ്ഞിട്ടുണ്ട്. ഇതു പറയുന്നത് ശരിയാണെങ്കിലും ഇത് പര്യാപ്തമല്ല. ഒരു പുരോഹിതൻ ദൈവത്തെ സേവിക്കുന്നവൻ മാത്രമല്ല, ദൈവത്തെ മനുഷ്യനിലേക്കു ശുശ്രൂഷിക്കുന്നവനുമാണ്. ഒരു പുരോഹിതൻ ദൈവത്തെ സേവിക്കുന്നവനാണെന്ന് എല്ലാ ക്രിസ്ത്യാനികളും ചിന്തിക്കുന്നു, എന്നാൽ ആത്യന്തികമായി ദൈവത്തെ മനുഷ്യനിലേക്കു ശുശ്രൂഷിക്കുന്നവനാണ് ഒരു പുരോഹിതനെന്ന് അനേകം ക്രിസ്ത്യാനികൾക്കും അറിയില്ല. ഒരർഥത്തിൽ, ദൈവത്തെ സേവിക്കുന്നത് രണ്ടാമതു വരുന്നു, ദൈവത്തെ മനുഷ്യനു ശുശ്രൂഷിക്കുന്നതാണ് പ്രാഥമികം. പൗരോഹിത്യത്തിന്റെ അടിസ്ഥാന സവിശേഷത ദൈവത്തെ സേവിക്കുകയല്ല, മറിച്ച് ദൈവത്തെ മനുഷ്യനു ശുശ്രൂഷിക്കുക എന്നതാണ്. പുരോഹിതന്മാരെന്ന നിലയിൽ, ദൈവത്തെ മനുഷ്യനു ശുശ്രൂഷിക്കുന്നത് എങ്ങനെയന്നറിയാതെ ദൈവത്തെ എങ്ങനെ സേവിക്കണമെന്നു മാത്രം നാം അറിയുന്നുവെങ്കിൽ, നാം വളരെ ദരിദ്രരായിരിക്കും.

വേദപുസ്തകത്തിൽ *പുരോഹിതൻ* എന്ന പദത്തിന്റെ ആദ്യത്തെ പരാമർശം മൽക്കീസേദെക്കിനോടുകൂടെയാണ് (ഉല്പ. 14:18-20). മൽക്കീസേദെക്കായിരുന്നു വേദപുസ്തകത്തിലെ ആദ്യത്തെ പുരോഹിതൻ. മറ്റു സന്ദർഭങ്ങളിൽ നാം ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, ഒരു കാര്യത്തെക്കുറിച്ചുള്ള വേദപുസ്തകത്തിലെ ആദ്യത്തെ പരാമർശം ആ വിഭാഗത്തിലെ കാര്യങ്ങൾക്കു വേണ്ടിയുള്ള തത്ത്വത്തെ സ്ഥാപിക്കുന്നു. അതുകൊണ്ട്, മൽക്കീസേദെക്കെന്ന പുരോഹിതന്റെ ആദ്യത്തെ പരാമർശം ഒരു പുരോഹിതന്റെ തത്ത്വത്തെ സ്ഥാപിക്കുന്നു. അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനെന്ന നിലയിൽ മൽക്കീസേദെക്കിന്റെ സംഭവത്തെ നിങ്ങൾ പരിശോധിക്കുന്നുവെങ്കിൽ, അവൻ മനുഷ്യനിൽനിന്നും ദൈവത്തിലേക്കു പോകുകയല്ല, ദൈവത്തിൽനിന്നും മനുഷ്യനിലേക്കു വരുകയത്രേ ചെയ്തതെന്ന് നിങ്ങൾ കാണും. അവൻ ദൈവത്തിന്റെ അടുക്കലേക്കു പോയി ദൈവത്തെ സേവിച്ചില്ല; അവൻ ദൈവത്തിന്റെ അടുക്കൽനിന്നു വന്ന് ദൈവത്തെ അന്വേഷകനായ അബ്രഹാമിന് ദൈവത്തിന്റേതായ ചിലത് ശുശ്രൂഷിക്കുകയായിരുന്നു. മൽക്കീസേദെക്കിന്റെ സംഭവത്തിനുശേഷം വേദപുസ്തകത്തിൽ പൗരോഹിത്യമെന്ന ഈ വിഷയത്തിൽ വളരെ പുരോഗതി വന്നിട്ടുണ്ട്. എന്നാൽ പൗരോഹിത്യത്തിന്റെ അടിസ്ഥാനപരമായ സംഭവം ദൈവത്തിന്റെ അടുക്കൽനിന്നു വന്ന് ദൈവത്തിന്റെ ജനത്തിന് ദൈവത്തിന്റേതായ ചിലത് ശുശ്രൂഷിക്കുന്നതാണെന്ന് നാം മറന്നുപോകരുത്.

മഹാപുരോഹിതനെന്ന നിലയിൽ ക്രിസ്തുവുമായി ബന്ധപ്പെട്ട മുഖ്യ കാര്യം, അവൻ ദൈവത്തെ സേവിക്കുന്നു എന്നല്ല, മറിച്ച് അവൻ ദൈവത്തെ നമുക്കു ശുശ്രൂഷിക്കുന്നു എന്നതാണ്. ഒരു പുരോഹിതൻ ദൈവത്തെ സേവിക്കുന്നവനാണെന്ന ഉപരിപ്ലവമായ ധാരണയെക്കാൾ ആഴത്തിൽ നാം പോകണം. ഒരു കത്തോലിക്കാ പുരോഹിതൻ ദൈവത്തെ സേവിക്കുന്നവനും, ധൂപം കാട്ടുന്നവനും, "വിശുദ്ധ" കടമകൾ നിറവേറ്റുന്നവനുമാണെന്ന് തെരുവിലെ അവിശ്വാസികളടക്കം എല്ലാവർക്കും അറിയാം. വിജാതീയ മതങ്ങളിൽപോലും പുരോഹിതന്മാരുണ്ട്. ഈ താണ ധാരണയിൽനിന്നും ഉയർന്ന ഒന്നിലേക്ക് നാം നദി മുറിച്ചുകടക്കേണ്ടതാവശ്യമാണ്. ദൈവത്തിന് നിങ്ങളുടെ സേവനം ആവശ്യമില്ല, എന്നാൽ നിങ്ങൾ ദൈവത്തെ ജനത്തിനു ശുശ്രൂഷിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. മഹാപുരോഹിതനെന്ന നിലയിൽ, ക്രിസ്തുവിന്റെ മുഖ്യമായ ജോലി ദൈവത്തെ നമുക്കു ശുശ്രൂഷിക്കുക എന്നതാണ്. ക്രിസ്തു മുഖ്യമായും നിങ്ങളുടെ ഉള്ളിൽ ചെയ്യുന്നത് ദൈവത്തെ നിങ്ങളിലേക്ക് ശുശ്രൂഷിക്കുക എന്നതാണ്. ഇതാണ് നമ്മുടെ മഹാപുരോഹിതൻ. അവൻ നിരന്തരം ഒരു കാര്യം ചെയ്തുകൊണ്ടിരിക്കുന്നു — ദൈവത്തെ നമ്മിലേക്കു ശുശ്രൂഷിക്കുന്നു. മൽക്കീസേദെക് ദൈവത്തെ ശുശ്രൂഷിച്ചില്ലെന്ന് ചിലർ പറഞ്ഞേക്കാം. എന്നാൽ അപ്പവും വീഞ്ഞും എന്താണ് — അതെന്താണ് സൂചിപ്പിക്കുന്നത്? അപ്പവും വീഞ്ഞും ദൈവത്തിന്റെ എല്ലാ സമ്പന്നതയോടുംകൂടെ നാം വളരേണ്ടതിന് നമ്മെ ഉന്മേഷപ്പെടുത്തുവാനും നിലനിർത്തുവാനും താങ്ങുവാനും ബലപ്പെടുത്തുവാനും പോഷിപ്പിക്കുവാനുമായി നമ്മിലേക്ക് ശുശ്രൂഷിക്കപ്പെടുന്നു, നമ്മുടെ ആസ്വാദനമായ ദൈവത്തെ സൂചിപ്പിക്കുന്നു. ഇതാണ് ഒരു പുരോഹിതന്റെ പ്രാഥമിക ദൗത്യം. തത്ത്വത്തിൽ, ഇന്നു ദൈവത്തെ സേവിക്കുന്ന നാം അവന്റെ പുരോഹിതന്മാരാണ്. പുരോഹിതന്മാരെന്ന നിലയിൽ, നമ്മുടെ മുഖ്യമായ ഉത്തരവാദിത്വം അവനെ ജനത്തിനു ശുശ്രൂഷിക്കുക എന്നതാണ്.

പ്രായോഗികമായ സഭാജീവിതത്തിൽ ഇത്തരത്തിലുള്ള പുരോഹിത ശുശ്രൂഷ നാം കാണേണ്ടതാവശ്യമാണ്. ഇന്ന് സഭാ ജീവിതത്തിൽ നിരവധി സേവന കൂട്ടങ്ങളുണ്ട്. ഈ സേവന കൂട്ടങ്ങളെ ലേവ്യരുടെ ഒരുതരം സേവനമായി മാത്രം കണക്കാക്കരുത്. എല്ലാ സേവന കൂട്ടങ്ങളും പൗരോഹിത്യമായിരിക്കണം. ഒരു സേവന കൂട്ടം അതിന്റെ സേവനത്തിനു മാത്രമായിരിക്കരുത്. ഓരോ സേവന കൂട്ടത്തിലെയും സഹോദരീ സഹോദരന്മാർ ക്രിസ്തുവിലുള്ള ദൈവത്തിന്റെ സമ്പന്നതയെ സ്ഥിരമായി ജനത്തിനു ശുശ്രൂഷിക്കണം. നിങ്ങളുടെ സേവന കൂട്ടത്തിലെ ആളുകൾക്ക് നിങ്ങൾ ദൈവത്തെ ശുശ്രൂഷിക്കണം.

ഒടുവിൽ, നിങ്ങളുടെ മുഴുവൻ കൂട്ടവും ദൈവത്തെ ഒരു അവയവത്തിൽനിന്നും മറ്റൊരു അവയവത്തിലേക്കു ശുശ്രൂഷിക്കുന്ന ഒരു പുരോഹിതവർഗമായിത്തീരും. കഴുകുകയും ക്രമീകരിക്കുകയും ചെയ്യുന്ന കൂട്ടത്തിന്റെ ഉദാഹരണം എടുക്കുക. ഈ സേവന കൂട്ടത്തിന്റെ മുഖ്യമായ ദൗത്യം ഹാൾ വൃത്തിയാക്കുന്നതും കസേരകൾ ക്രമീകരിക്കുന്നതും സകലതും ക്രമത്തിൽ സൂക്ഷിക്കുന്നതുമല്ല. അതൊരു സഹായമാണെങ്കിലും, അതു പൗരോഹിത്യമല്ല. നിങ്ങൾ ഹാൾ വൃത്തിയാക്കുകയും കസേരകൾ ക്രമീകരിക്കുകയും ചെയ്യുന്ന സമയത്ത് ദൈവത്തെ ജനത്തിനു ശുശ്രൂഷിക്കുമ്പോഴാണ് യഥാർഥ പൗരോഹിത്യം നിലവിൽ വരുന്നത്.

നാം ദൈവത്തെ ജനത്തിലേക്കു ശുശ്രൂഷിക്കുമ്പോൾ, ഒടുവിൽ അവർക്ക് അവന്റെ ആവിഷ്കാരം ഉണ്ടായിരിക്കും. വിശ്വാസികളിൽ ദൈവത്തിന്റെ ആവിഷ്കാരം ഉണ്ടായിരിക്കുന്നതുവരെ ക്രിസ്തു ദൈവത്തെ തന്റെ വിശ്വാസികളിലേക്കു ശുശ്രൂഷിക്കുന്നു. നാം കണ്ടതുപോലെ, ദൈവത്തിന്റെ ആവിഷ്കാരമാണ് തേജസ്സ്. വേദപുസ്തകത്തിൽ, ദൈവത്തിന്റെ തേജസ്സ് ദൈവത്തിന്റെ ആവിഷ്കാരമാണ്. ദൈവം ആവിഷ്കരിക്കപ്പെടുമ്പോൾ നമുക്കു തേജസ്സുണ്ട്. എന്നാൽ ദൈവത്തെ എങ്ങനെ ആവിഷ്കരിക്കുവാൻ കഴിയും? മഹാപുരോഹിതനായ ക്രിസ്തു നമ്മിലേക്ക് നിരന്തരമായി ദൈവത്തെ ശുശ്രൂഷിക്കുന്നതിലൂടെ. രക്ഷാനായകനെ സംബന്ധിച്ച രണ്ടു ദൂതുകളിൽ ഈ കാര്യം നാം അടിസ്ഥാനപരമായി പറഞ്ഞുകഴിഞ്ഞു.

ഇപ്പോൾ നമുക്ക് ക്രിസ്തുവിനെ മൂന്നു ഭാവങ്ങളിൽ കാണുവാൻ കഴിയും. ഒന്നാമത്തെ ഭാവത്തിൽ, അവൻ രക്ഷാനായകനും, രണ്ടാമത്തെ ഭാവത്തിൽ, അവൻ തേജസ്സിന്റെ വിത്തും, മൂന്നാമത്തെ ഭാവത്തിൽ, അവൻ മഹാപുരോഹിതനായി ശുശ്രൂഷിക്കുന്നവനും ആകുന്നു. മഹാപുരോഹിതനെന്ന നിലയിൽ ക്രിസ്തു ദൈവത്തെ നമുക്ക് ശുശ്രൂഷിക്കുന്നു. ഇതാണ് അവന്റെ പുരോഹിത വേലയും, ഇതാണ് രക്ഷാനായകൻ ചെയ്തുകൊണ്ടിരിക്കുന്ന ജോലിയും. അവൻ രക്ഷാനായകനാണെങ്കിലും, മഹാപുരോഹിതനായിരുന്നുകൊണ്ട് തന്റെ ഉദ്യോഗസ്ഥാനം അവൻ നിറവേറ്റുന്നു. 2:10-ൽ ക്രിസ്തു നമ്മുടെ രക്ഷാനായകനാണെന്ന് നമ്മോടു പറഞ്ഞിരിക്കുന്നു, 2:17-ൽ നാം കാണുന്നത് നമ്മുടെ രക്ഷാനായകനായ ഈ ക്രിസ്തു നമ്മുടെ മഹാപുരോഹിതനുമാകുന്നു എന്നാണ്. അവന് എങ്ങനെ നമ്മുടെ രക്ഷാനായകനായി പ്രവർത്തിക്കുവാൻ കഴിയും? മഹാപുരോഹിതനായിരിക്കുന്നതിലൂടെ മാത്രം. നമ്മുടെ മാനുഷിക ധാരണയനുസരിച്ച്, ഒരു നായകൻ ഒരു നേതാവ്, ഒരു മുന്നണി പോരാളി ആണ്. ഈ ധാരണ തെറ്റല്ല, എന്നാൽ ഈ അർഥത്തിൽ ക്രിസ്തു ഒരു

നായകൻ മാത്രമായിരുന്നുവെങ്കിൽ, അവന്റെ ഉദ്യോഗസ്ഥാനം നിറവേറ്റുവാൻ അവനു കഴിയുകയില്ല.

Mon ⇒ പഴയനിയമത്തിലെ മോശെയും അഹരോനും തമ്മിലുള്ള ബന്ധം നോക്കുക. അഹരോനെക്കൂടതെ മോശെക്ക് തന്റെ നേതൃത്വം നിറവേറ്റുവാൻ കഴിഞ്ഞില്ല. അപ്പോസ്തലന്റെ നേതൃത്വത്തിന് പൗരോഹിത്യ ശുശ്രൂഷ ആവശ്യമാണ്. മോശെയെപ്പോലെ യോശുവയ്ക്കും മഹാപുരോഹിതനെ ആവശ്യമായിരുന്നു. അഹരോൻ ഒരു വ്യക്തിയും മോശെ മറ്റൊരു വ്യക്തിയുമാണെന്നു ചിന്തിക്കരുത്. ചരിത്രപരമായ വ്യക്തികളായി അവരെക്കുറിച്ചു പറയുമ്പോൾ അവർ രണ്ടുപേരാണ്, എന്നാൽ ക്രിസ്തുവിന്റെ മുൻകുറികളായി പരിഗണിക്കുമ്പോൾ അവർ ഒന്നാണ്. ഒരു വശത്ത്, യേശു നമ്മുടെ മോശെയും, മറുവശത്ത്, അവൻ നമ്മുടെ അഹരോനുമാണ്. മൂന്നാം അധ്യായത്തിലേക്കു വരുമ്പോൾ യേശുവിനെ നമ്മുടെ അപ്പൊസ്തലനായും നമ്മുടെ മഹാപുരോഹിതനായും നാം കാണും. നേതൃത്വവും പൗരോഹിത്യവും എല്ലായ്പ്പോഴും ഒരുമിച്ചു പോകണം. ക്രിസ്തുവിൽ, ഈ രണ്ടു ശുശ്രൂഷകളും ഒരു വ്യക്തിയുടേതാണ്. അവൻ നമ്മുടെ മഹാപുരോഹിതനല്ലെങ്കിൽ അവന് ഒരിക്കലും നമ്മുടെ നായകനായി പ്രവർത്തിക്കുവാൻ കഴിയില്ല. ക്രിസ്തു മഹാപുരോഹിതനല്ലെങ്കിൽ എനിക്കവനെ അനുഗമിക്കുവാൻ കഴിയില്ല. ഒരു വശത്ത്, അവൻ നയിച്ചുകൊണ്ടിരിക്കുകയും പോരാടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന നായകനാണ്; മറുവശത്ത്, അവൻ ദൈവത്തെത്തന്നെയും ദിവ്യജീവന്റെ സമ്പന്നതയെയും നമ്മിലേക്കു ശുശ്രൂഷിക്കുന്ന മഹാപുരോഹിതനാണ്.

എന്റെ ഭൗതിക ശരീരത്തെ ഒരു ഉദാഹരണമായി ഞാൻ ഉപയോഗിക്കാം. ബലവും ആരോഗ്യവുമുള്ള ഒരു ശരീരം ദൈവം എനിക്കു തന്നിട്ടുള്ളതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. എങ്കിലും, ശുശ്രൂഷയ്ക്കുശേഷം ഞാൻ തീർത്തും ക്ഷീണിതനായി ത്തീരുന്നു. പിന്നെ ഞാൻ വീട്ടിൽ പോയി ഒരു നല്ല ഭക്ഷണം ആസ്വദിക്കുന്നു. ഇത് എന്നെ വീണ്ടും ബലപ്പെടുത്തുന്നു. അങ്ങനെയുള്ള ഒരു ഭക്ഷണത്തിനുശേഷം, വീണ്ടും വന്ന് ഒന്നര മണിക്കൂർ കൂടി ശുശ്രൂഷിക്കാൻ എനിക്കു കഴിയുന്നു. പിന്നെ ഞാൻ വീട്ടിൽ പോയി മറ്റൊരു നല്ല ഭക്ഷണം ആസ്വദിക്കുന്നു. ഈയിടെ, ഒരു സായാഹ്ന യോഗത്തിൽ സംസാരിച്ചതിനു ശേഷം, ഞാൻ അപ്പോഴും വളരെ ജീവനുള്ളവനായി വീട്ടിലേക്കു പോയി. പിറ്റേന്നു രാവിലെ ആറുമണിക്കുമുമ്പ് ഞാൻ ഊർജ്ജസ്വലനായി ഉറക്കമുണർന്നു. ആ ദിവസം രാവിലെ ഞാൻ നിരവധി കാര്യങ്ങൾ ചെയ്തു. എവിടെ നിന്നാണ് ഊർജ്ജം വന്നത്? അത് പോഷണത്തിൽനിന്നും വന്നതാണ്. അതുപോലെ, അപ്പവും വീഞ്ഞും എനിക്കു ശുശ്രൂഷിക്കുന്ന ഒരു യഥാർഥ

മഹാപുരോഹിതൻ എനിക്കുണ്ട്. ഞാൻ തളർന്നുപോകാതെ എന്റെ ജോലി ചെയ്യുവാൻ ഇതെന്നെ പ്രാപ്തനാക്കുന്നു. ഞാൻ എത്രത്തോളം പോഷണം ആസ്വദിക്കുന്നുവോ അത്രയുമധികം ഊർജ്ജം എനിക്കുണ്ട്.

എബ്രായർ 1-ഉം, 2-ഉം അധ്യായങ്ങൾ നിങ്ങൾ വായിച്ചാൽ, ഈ അത്ഭുതവാനും മാർമികനും ആശ്ചര്യവാനുമായവൻ ഇപ്പോൾ നമ്മുടെ മഹാപുരോഹിതനാണെന്നു നിങ്ങൾ കാണും. ഈ മഹാപുരോഹിതൻ ദൈവത്തെ മാത്രം സേവിക്കുന്നുവെന്നു ചിന്തിക്കരുത്. അതു രണ്ടാമതു വരുന്നു. ഈ മഹാപുരോഹിതൻ ദൈവത്തെ നിരന്തരമായി നമുക്കു ശുശ്രൂഷിക്കുന്നവനാണ്. ഒരു പുരോഹിതനെന്ന നിലയിൽ, നിങ്ങൾ ദൈവത്തിന്റെ അടുക്കൽ മാത്രം ചെന്ന് അവനെ സേവിക്കുന്നുവെങ്കിൽ, അവൻ പറയും, "എനിക്കു നിന്നെ ആവശ്യമില്ല. എന്തിനാണ് നീ ഇവിടെ വന്ന് നിന്റെ സമയം പാഴാക്കുന്നത്? നീ എന്നോടുകൂടെ ജനത്തിന്റെ അടുത്തേക്കു പോകണം. നീ എന്നെ ജനത്തിനു ശുശ്രൂഷിക്കണം. അതാണ് എനിക്കു വേണ്ടത്."

നാം കണ്ടതുപോലെ, ക്രിസ്തു നമ്മുടെ മഹാപുരോഹിതനായിരിക്കുവാൻ പൂർണ യോഗ്യൻ എന്നതിനെക്കാൾ അധികമാണ്. ദൈവം തന്നെയായ, ദൈവപുത്രനായ അവൻ ഒരു മനുഷ്യനായിത്തീരുകയും ഒരു മനുഷ്യനായി കഷ്ടം സഹിക്കുകയും ചെയ്തു. മനുഷ്യപുത്രനെന്ന നിലയിൽ, അവൻ സകലത്തിലൂടെയും കടന്നുപോകുകയും സകല കാര്യങ്ങളും നിർവഹിക്കുകയും ചെയ്തു. ഇപ്പോൾ നമ്മുടെ മഹാപുരോഹിതനായി നമ്മെ ശുശ്രൂഷിക്കുവാൻ അവൻ യോഗ്യനാണ്. നമ്മുടെ സാഹചര്യം എന്തായാലും, നമ്മെ ശുശ്രൂഷിക്കുവാൻ അവന്റെ പക്കൽ ചിലതുണ്ട്. പലപ്പോഴും, അവന്റെ പുരോഹിത ശുശ്രൂഷയുടെ ആസ്വാദനം ശ്വസനം പോലെയാണ്. ശ്വസന പ്രക്രിയയെ മനസിലാക്കുവാനോ അന്തരീക്ഷത്തെ വിശകലനം ചെയ്യുവാനോ നമുക്കാവശ്യമില്ല. നാം ശ്വസിക്കുന്നിടത്തോളം വായുവിലുള്ളതെല്ലാം നമുക്കു ലഭിക്കുന്നു. അതുപോലെ, നാം മനസ്സിലാക്കാത്ത നിരവധി കാര്യങ്ങൾ നമ്മുടെ ആത്മാവിൽ സംഭവിക്കുന്നു. വായു പോലെ, യേശു ഇവിടെയുണ്ട്. അവനെ ഉള്ളിലേക്കു ശ്വസിച്ചുകൊണ്ട് നാം അവനുമായി ബന്ധപ്പെടുന്നിടത്തോളം നമുക്കാവശ്യമായതെല്ലാം നമുക്കുണ്ട്. എന്നിരുന്നാലും, നാം കർത്താവിനെ നന്നായി അറിയുന്നുവെങ്കിൽ അതൊരു സഹായമാണ്. ക്രിസ്തുവിന്റെ ഈ ആസ്വാദനം യഥാർഥമാണ്; അത് അന്ധവിശ്വാസമല്ല.

നമ്മുടെ മഹാപുരോഹിതൻ നമ്മിലേക്ക് ദൈവത്തെ ശുശ്രൂഷിക്കുമ്പോൾ, നാം ദൈവത്തെ കൂടുതലായി നേടുകയും അവന്റെ ആവിഷ്കാരത്തിലേക്കു വരികയും ചെയ്യും. ഒടുവിൽ

ദൈവത്തെ സേവിക്കുവാൻ നാം വരും. ഇവിടെയാണ് നമുക്ക് ഒരു വഴിത്തിരിവ് ആവശ്യമായിരിക്കുന്നത്. നാം ദൈവത്തെ സേവിക്കാൻ വരുമ്പോൾ നാം ദൈവത്തെക്കൊണ്ട് കൂടുതൽ സന്നിവേശിക്കപ്പെടുന്നു. ഒരിക്കൽ നാം അവനെക്കൊണ്ട് സന്നി വേശിക്കപ്പെട്ടാൽ ദൈവം പറയും, "പോയി മറ്റുള്ളവർക്ക് എന്നെ ശുശ്രൂഷിക്കുക."

സദാ സമയവും ദൈവത്തെ നമ്മിലേക്കു ശുശ്രൂഷിക്കുന്ന മഹാപുരോഹിതനായിരുന്നുകൊണ്ട് നമ്മുടെ രക്ഷാനായകനെന്ന നിലയിൽ കർത്താവായ യേശു നമ്മെ തേജസ്സിലേക്കു കൊണ്ടുവരുന്ന രീതി ഇപ്പോൾ നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നു. ക്രിസ്തു നമ്മിലേക്ക് ദൈവത്തെ ശുശ്രൂഷിക്കുമ്പോൾ, ഒരു ശൃംഖലാ പ്രതിപ്രവർത്തനം ആരംഭിക്കുന്നു. നാമും പുരോ ഹിതന്മാരായിത്തീരുന്നതുവരെ നാം ദൈവത്തെക്കൊണ്ട് നിവേശിക്കപ്പെടുന്നു. പുരോഹിതന്മാരെന്ന നിലയിൽ, നാം മുഖ്യമായും ദൈവത്തെയല്ല സേവിക്കുന്നത്, പ്രത്യുത മറ്റുള്ളവരെ ദൈവത്തിന്റെ ആവിഷ്കാരത്തിലേക്കു കൊണ്ടുവന്നുകൊണ്ട് അവർക്കു ദൈവത്തെ ശുശ്രൂഷിക്കുന്നു. നമ്മുടെ ശുശ്രൂഷ സ്വീകരിക്കുന്നവർ ദൈവത്തെക്കൊണ്ട് സന്നിവേശിപ്പിക്കപ്പെടും. കൂടുതൽ സന്നിവേശിപ്പിക്കലിനായി അവർ ദൈവത്തിലേക്കു പോകുവാൻ ഇത് അവരെ ഇടയാക്കും. അപ്പോൾ മറ്റുള്ളവർക്കു തന്നെ ശുശ്രൂഷിക്കുവാൻ ദൈവം അവരോടു പറയും. നമ്മുടെ രക്ഷാനായകൻ നമ്മെ തേജസ്സിലേക്കു നയിക്കുന്ന രീതി ഇതാണ്. ഇതിനെ പ്രകടിപ്പിക്കുവാൻ മതിയായ വാക്കുകൾ എന്റെ പക്കൽ ഇല്ലാത്തതിനാൽ ഞാൻ ഖേദിക്കുന്നു. ഇത് ഒരുതരം ക്രിസ്തീയ ആത്മികവർധനവ് മാത്രമല്ല. ഇതാണ് പിതാവ് അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്ന രീതി. ഞാൻ ആവർത്തിക്കട്ടെ, നമ്മുടെ നായകനായിരിക്കുന്നതിലൂടെ കർത്താവു നമ്മെ തേജസ്സിലേക്ക് നയിക്കുകയും, നമ്മുടെ മഹാപു രോഹിതനായിരിക്കുന്നതിലൂടെ നമ്മുടെ നായകൻ തന്റെ കടമ നിറവേറ്റുകയും ചെയ്യുന്നു.

## XII. നമുക്ക് അഭയം നൽകാനുള്ള സഹായം നല്കുന്നു

ഞാൻ ചെറുപ്പമായിരുപ്പോൾ എബ്രായർ 2:17 അറിഞ്ഞിരുന്നു. നമ്മുടെ മഹാപുരോഹിതനായ ക്രിസ്തുവിന് നമ്മോട് സഹതപിക്കുവാൻ കഴിയുമെന്ന് എന്നെ പഠിപ്പിച്ചിരുന്നു, എന്നാൽ നിങ്ങൾ പ്രയാസത്തിലാണെന്ന് നിങ്ങൾ സ്വയം കണ്ടെത്തുമ്പോഴെല്ലാം, ക്രിസ്തുവിന് നിങ്ങളോട് സഹതപിക്കുവാൻ കഴിയുമെന്ന താണ രീതിയിലായിരുന്നു എന്നെ പഠിപ്പിച്ചിരുന്നത്. ഈ രീതിയിൽ ക്രിസ്തു എന്നോട് സഹതപിക്കുന്നത് ഞാൻ നിരവധി തവണ അനുഭവിച്ചിട്ടുണ്ടെങ്കിലും, അതിൽനിന്നും ദിവ്യജീവന്റെ

ശുശ്രൂഷ ഞാൻ സ്വീകരിച്ചിരുന്നില്ല. എനിക്ക് ആശ്വാസമല്ലാതെ മറ്റൊന്നും ലഭിച്ചിരുന്നില്ല. എന്റെ ഇപ്പോഴത്തെ അനുഭവം വളരെ വ്യത്യസ്തമാണ്. എന്റെ മഹാപുരോഹിതനെന്ന നിലയിൽ ക്രിസ്തു എന്നോടു സഹതപിക്കുന്നതുമായുള്ള ബന്ധത്തിൽ ഇപ്പോൾ എനിക്കുള്ള അനുഭവം ഇതിനേക്കാൾ വളരെ ഉയർന്നതും സമ്പന്നവുമാണ്. ഞാൻ അവന്റെ സഹതാപം അനുഭവിക്കുമ്പോഴെല്ലാം ഞാൻ ദിവ്യസഹായം സ്വീകരിക്കുന്നു. ദൈവത്തെ നമുക്കു ശുശ്രൂഷിക്കുന്നതിലൂടെയാണ് മഹാപുരോഹിതനെന്ന നിലയിൽ ക്രിസ്തു മുഖ്യമായും ദൈവത്തെ സേവിക്കുന്നതെന്ന് എന്റെ അനുഭവങ്ങളിൽനിന്നും ഞാൻ പഠിച്ചു.

ഇത്തരത്തിലുള്ള ശുശ്രൂഷയെ അഭയം നൽകൽ, സഹായകരമായ രക്ഷപ്പെടുത്തൽ എന്നു വിളിക്കുന്നു. 2:18-ൽ "ഉതവി" എന്ന് കിംഗ് ജെയിംസ് ഭാഷ്യത്തിൽ വിവർത്തനം ചെയ്തിരിക്കുന്നതിന്റെ യവനപദം മനസിലാക്കുവാൻ കിംഗ് ജെയിംസ് ഭാഷ്യത്തിലും പ്രത്യുദ്ധാര ഭാഷ്യത്തിലുമുള്ള 2:16 നാം വായിക്കണം. കിംഗ് ജെയിംസ് ഭാഷ്യം പറയുന്നു, "തീർച്ചയായും അവൻ ദൂതന്മാരുടെ പ്രകൃതമല്ല തന്റെമേൽ എടുത്തത്; പിന്നെയോ അവൻ തന്റെമേൽ എടുത്തത് അബ്രഹാമിന്റെ സന്തതിയെയത്രേ." പ്രത്യുദ്ധാര ഭാഷ്യം പറയുന്നു, "നിശ്ചയമായും ദൂതന്മാർക്കല്ല അബ്രാഹാമിന്റെ സന്തതിക്കത്രേ അവൻ തുണ നൽകുന്നത്." ഈ വിവർത്തനങ്ങൾ തമ്മിൽ എന്തൊരു വ്യത്യാസം! കിംഗ് ജെയിംസ് ഭാഷ്യം പറയുന്നത്, കർത്താവായ യേശു തന്റെമേൽ ദൂതന്മാരുടെ പ്രകൃതം എടുത്തില്ല, മറിച്ച് അബ്രഹാമിന്റെ മക്കളുടെ പ്രകൃതം എടുത്തു എന്നാണ്. എന്നാൽ യവനഭാഷയുടെ ശരിയായ അർഥം എടുക്കുകയല്ല, മുറുകെ പിടിക്കുക എന്നതാണ്. മുറുകെ പിടിക്കുകയെന്നാൽ എന്താണ് അർഥമാക്കുന്നത്? യവനഭാഷയനുസരിച്ച്, നമ്മെ സഹായിച്ച് രക്ഷപ്പെടുത്തുക എന്നാണ് ഇത് അർഥമാക്കുന്നത്. എന്നാൽ മുങ്ങിത്താഴുന്ന ഒരു മനുഷ്യനെ നിങ്ങൾ രക്ഷിക്കുന്ന രീതിയിൽ ഒരു വ്യക്തിയെ നിങ്ങൾ രക്ഷിക്കുന്നു എന്നല്ല ഇത് അർഥമാക്കുന്നത്. ഒരു വ്യക്തിയെ അപകടകരമായ ഒരു സാഹചര്യത്തിൽനിന്നും പിടിച്ചു പുറത്തേക്കു വലിച്ചെടുക്കുക എന്നുമല്ല ഇതിനർഥം. ഇത് അർഥമാക്കുന്നത്, ഒരു വ്യക്തിയിലേക്ക് കടക്കുകയും, അവനെ നിങ്ങളുടെമേൽ വയ്ക്കുകയും, അവനെ ചുമക്കുകയും ചെയ്യുക എന്നാണ്. അതിനെയാണ് സഹായകരമായ രക്ഷപ്പെടുത്തൽ എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത്. ഇതുകൊണ്ടാണ് കിംഗ് ജെയിംസ് ഭാഷ്യം "തീർച്ചയായും അവൻ ദൂതന്മാരുടെ പ്രകൃതമല്ല തന്റെമേൽ എടുത്തത്; പിന്നെയോ അവൻ തന്റെമേൽ എടുത്തത് അബ്രഹാമിന്റെ സന്തതിയെയത്രേ" എന്നു പറയുന്നത്. ഇത് തീർത്തും തെറ്റല്ല, കാരണം ഇത് യവനപദത്തിന്റെ

ഭാഗികമായ ഒരു അർഥമാണ്. ഈ പദത്തിന്റെ പൂർണമായ അർഥം "ഒരു വ്യക്തിയുടെ അടുത്തുവരുകയും, അവനെ നിങ്ങളുടെമേൽ വയ്ക്കുകയും, അവനെ ചുമക്കുകയും ചെയ്തുകൊണ്ട് സഹായിക്കുക, രക്ഷപ്പെടുത്തുക" എന്നാണ്. ഉദാഹരണത്തിന്, നിങ്ങൾക്ക് ബുദ്ധിമുട്ടുള്ള ഒരു സമയം ഉണ്ടായിരിക്കുമ്പോൾ, മഹാപുരോഹിതൻ തന്റെ വിരൽ നീട്ടി ആ പ്രയാസകരമായ ഘട്ടത്തിൽനിന്നും നിങ്ങളെ രക്ഷിക്കുവാൻ പോകുന്നില്ല. ഇല്ല, നിങ്ങൾ കഷ്ടം അനുഭവിക്കുമ്പോൾ, അവൻ നിങ്ങളുടെ അടുക്കൽ വരുകയും, നിങ്ങളെ തന്റെമേൽ വയ്ക്കുകയും, പ്രയാസകരമായ സമയമെല്ലാം നിങ്ങളെ ചുമക്കുകയും ചെയ്യും. ഇതാണ് നമ്മുടെ മഹാപുരോഹിതന്റെ പ്രവൃത്തി. നിങ്ങൾ ഇത് നിരവധി തവണ അനുഭവിച്ചുകഴിഞ്ഞാൽ, നിങ്ങൾ ഇനിയൊരിക്കലും യാതൊരു പ്രയാസത്താലും ഭയപ്പെടുകയില്ല. അടുത്ത തവണ ഒരു പ്രയാസം വരുമ്പോൾ നിങ്ങൾ പറയും, "എനിക്ക് എത്രയധികം പ്രയാസങ്ങൾ ഉണ്ടോ, അത്രയുമധികം ഞാൻ ക്രിസ്തുവിനെ ആസ്വദിക്കുകയും, അത്രയുമധികം ഞാൻ ദിവ്യമൂലകത്തെ ആസ്വദിക്കുകയും, അത്രയുമധികം തന്നെ ഞാൻ തേജസ്സിലേക്ക് കൊണ്ടുവരപ്പെടുകയും ചെയ്യുന്നു."

ഇപ്പോൾ നമുക്ക് 2:7-18-ന്റെ യഥാർഥ അർഥം അറിയാം. ക്രിസ്തു ഒരുപാടു കാര്യങ്ങളാണ്: ദൈവപുത്രൻ, മനുഷ്യപുത്രൻ, സ്രഷ്ടാവ്, താങ്ങിനിർത്തുന്നവൻ, അവകാശി, മരണത്തെ സഹിച്ചവൻ, നമ്മുടെ പാപങ്ങൾക്ക് അനുനയം വരുത്തിയവൻ, സാത്താനെ നശിപ്പിച്ചവൻ, മരണത്തിന്റെ അടിമത്തത്തിൽനിന്നും നമ്മെ വിടുവിച്ചവൻ. ഇങ്ങനെയുള്ള ഒരുവനെന്ന നിലയിൽ അവൻ നമ്മുടെ രക്ഷാനായകനായിരിക്കുവാൻ തികച്ചും യോഗ്യനാണ്. നമ്മുടെ നായകനെന്ന നിലയിൽ, അവൻ എല്ലാത്തരം താണ സാഹചര്യത്തിൽനിന്നും നമ്മെ രക്ഷിക്കുകയും ദൈവത്തിന്റെ തേജസ്സിലേക്ക് നമ്മെ കൊണ്ടുവരുകയും ചെയ്യുന്നു. അവൻ നമ്മെ വസ്തുനിഷ്ഠമായ രീതിയിലല്ല രക്ഷിക്കുന്നത്, മറിച്ച് ദൈവത്തെ നമ്മിലേക്കു ശുശ്രൂഷിച്ചുകൊണ്ടും നമ്മെ അവന്റെമേൽ വയ്ക്കുകയും നമ്മെ വഹിക്കുകയും നമ്മെ ചുമക്കുകയും ചെയ്തുകൊണ്ടാണ്. നാം ഈ ഉതവി ആസ്വദിക്കുമ്പോൾ, നാം ദൈവത്തിന്റെ മൂലകത്തിൽ പങ്കെടുക്കുകയും തേജോമയനായ ദൈവത്തിന്റെ ആവിഷ്കാരത്തിലേക്ക് കൊണ്ടുവരപ്പെടുകയും ചെയ്യുന്നു. ഈ രീതിയിലാണ് കർത്താവു നമ്മെ തേജസ്സിലേക്ക് കൊണ്ടുവരുന്നത്.